(ബി) സ്വകാര്യ മേഖലയിലുള്ള ആശുപത്രികളുടേയും ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളും നൽകിവരുന്ന സേവനങ്ങളും ഈടാക്കിവരുന്ന ഫീസുകളും ഒരു പൊതുവായ സ്റ്റാൻഡേർഡിൽ കൊണ്ടുവരുവാനും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമം നടപ്പിൽ വരുത്താനുള്ള പ്രാഥമിക നടപടികൾ കൈക്കൊണ്ടുവരുന്നു. ഇത് നിയമമായി പ്രാബല്യത്തിൽ വരുമ്പോൾ മാത്രമേ സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സർക്കാരിന്റെ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളു.

(സി) നിലവിൽ ഇതു സംബന്ധിച്ച് ഉത്തരവുകളൊന്നും നിലവിലില്ല. സ്വകാര്യ ആശുപത്രികളുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിച്ച് ഒരു നിയമം നടപ്പിൽ വരുത്താനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഖരമാലിന്യ നിർമ്മാർജ്ജനവും സംസ്ക്കരണവും

*7 [490] ശ്രീ. വി. കെ. സി. മമ്മത് കോയ:

,, പിരപ്പൻകോട് മുരളി:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിൽ ഫല പ്രദമായി നടപ്പിലാക്കാൻ കഴിയുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ക്ലീൻ കേരള മിഷൻ ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഖരമാലിന്യ സംസ്ക്കരണം സംബന്ധിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള ഗവേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലമെന്തായിരുന്നു എന്ന് അറിയിക്കാമോ;

(ഇ) ഖരമാലിന്യ നിർമ്മാർജ്ജനവും സംസ്ക്കരണവും ഫലപ്രദമായി നടപ്പി ലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) പ്രധാന തെരുവുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന തെരുവു ശുചീകരണം, കടകൾ, കമ്പോളങ്ങൾ, ആശുപത്രികൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ പ്രത്യേക വാഹനത്തിൽ കയറ്റി മുനിസിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly

ഡമ്പിംഗ് യാർഡിൽ നിക്ഷേപിക്കൽ, 7 മുനിസിപ്പാലിറ്റികളിലും, ഒരു കോർപ്പ റേഷനിലും ഖരമാലിന്യ സംസ്ക്കരണത്തിന് ഭാഗിക സംവിധാനങ്ങൾ, ഒരു കോർപ്പ റേഷനിൽ പൂർണ്ണ സംസ്ക്കരണ സംവിധാനം, 30 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് നിയന്ത്രണം, മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയു ന്നവർക്കെതിരെ നടപടികൾ എന്നീ സംവിധാനങ്ങളാണ് നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രധാന തെരുവുകളിൽ ശുചീകരണം എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിലവിലുണ്ട്. പ്രധാന കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യ ശേഖരണവും ഡമ്പിംഗ് യാർഡിൽ നിക്ഷേപിക്കലും എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടന്നുവരുന്നു. ഒനടുമങ്ങാട്, പുനലൂർ, ചങ്ങനാശ്ശേരി, നോർത്ത് പറവൂർ, ചാലക്കുടി, വടകര, തളിപ്പറമ്പ് എന്നീ മുനിസിപ്പാലിറ്റികളിലും തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലും ഭാഗികമായ ഖരമാലിന്യ സംസ്ക്കരണം ഫലപ്രദമായി നടക്കുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ പൂർണ്ണമായ സംസ്ക്കരണ സംവിധാനം നിലവിലുണ്ട്.

(സി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയിൽ ഏറ്റവും അനുയോജ്യമായ ഖരമാലിന്യ സംസ്ക്കരണ സങ്കേതങ്ങൾ ഏതൊക്കെയാണെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സംഘടനകളുമായി ക്ലീൻ കേരള മിഷൻ ചർച്ച ചെയ്ത് തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടായിരമാണ്ടിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം നഗര പ്രദേശങ്ങളിലെ ഖരമാലിന്യ പരിപാലനം എപ്രകാരമാകണമെന്ന് തീരുമാനിച്ച് അതനുസരിച്ചുള്ള മാതൃകാ ഖരമാലിന്യ പരിപാലന സംവിധാനം വികസിപ്പിച്ചെടുക്കു ന്നതിനുള്ള തന്ത്രം ആവിഷ്ക്കരിച്ചു കഴിഞ്ഞു. സ്രോതസ്സുകളിൽ നിന്ന് ഖരമാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനും അവ സംസ്ക്കരണ പ്ലാന്റിൽ എത്തിക്കുന്നതിനും അനുയോജ്യമായ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനും സുരക്ഷിത ലാന്റ് ഫിൽ സ്ഥാപിക്കുന്നതിനുമുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി സംയോജിത ഖരമാലിന്യ പരിപാലന സംവിധാനത്തിന് മിഷൻ രൂപം കൊടുത്തിട്ടുണ്ട്. കേരളത്തിലെ 53 മുനിസിപ്പാലിറ്റികളിലും സംയോജിത ഖരമാലിന്യ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കുന്നതിന് 2 ഘട്ടങ്ങളുള്ള പരിശീലനം മുനിസിപ്പാലിറ്റിക ളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകിവരുന്നു. ഇതനുസരിച്ച് 37 മുനിസിപ്പാലിറ്റികളുടെ രണ്ടു ഘട്ട ട്രെയിനിംഗ് പൂർത്തിയാവുകയും 11 മുനിസിപ്പാലി റ്റികളുടെ ഒന്നാം ഘട്ട പരിശീലനം പൂർത്തിയാവുകയും ചെയ്തു. കൊല്ലം കോർപ്പ റേഷനിലെ ഖരമാലിന്യ പരിപാലന സംവിധാനം സുഗമമാക്കുന്നതിന് നിർദ്ദേശം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മുനിസിപ്പാലിറ്റികൾക്ക് പദ്ധതി തയ്യാറാക്കു ന്നതിന് ആവശ്യപ്രകാരം സാങ്കേതിക സഹായം നൽകിവരുന്നു. ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിക്കപ്പെടുന്ന നിർദ്ദേശങ്ങളിലും പരാതികളിലും സാങ്കേതിക അഭിപ്രായം നൽകിവരുന്നു; സ്കൂൾ വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കിടയിലും പൊതുജനങ്ങൾക്കിടയിലും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തെ ഒരു 'സീറോ വേസ്റ്റ്' സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും അതിനനുസൃതമായി നിരവധി സംരംഭങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ വിവിധ മുനിസിപ്പൽ പ്രദേശങ്ങളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളുടെ രാസ ഭൗതിക ഘടന എപ്രകാരമാണെന്നും അവ പ്രകൃതിയിൽ ഉണ്ടാക്കുന്ന പാരിസ്ഥിതികാഘാതം എന്തൊക്കെയാണെന്നും തിരുവനന്തപുരത്തെ ഭൂശാസ്ത്ര പഠന കേന്ദ്രം ഗവേഷണം നടത്തിയിട്ടുണ്ട്. ഇത് വിവിധ ഭൂപ്രദേശങ്ങളിൽ ഖരമാലിന്യ സംസ്ക്കരണ പരിപാലന സംവിധാനം രൂപപ്പെടുത്തുന്നതിന് സഹായിക്കുന്നു. ഖരമാലിന്യം മണ്ണിര കമ്പോസ്റ്റിംഗ് പ്രക്രിയയിലൂടെ കൂടുതൽ ഫലപ്രദമായി സംസ്ക്കരിക്കുന്നതിനുള്ള ഗവേഷണങ്ങൾ കാർഷിക സർവ്വകലാശാലയും വിവിധ സർക്കാരിതര സന്നദ്ധ സംഘടനകളും നടത്തിയിട്ടുണ്ട്. ഇത് ഈ സാങ്കേതിക വിദ്യയുടെ വികാസത്തേയും വ്യാപനത്തേയും വളരെയധികം സഹായിച്ചിട്ടുണ്ട്. കമ്പോസ്റ്റിംഗ് പ്രക്രിയ ത്വരിത ഗതിയിലാക്കുന്നിതിന് ഉപയോഗിക്കാവുന്ന വിവിധ മാർഗ്ഗങ്ങളെ സംബന്ധിച്ചും അവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും പാലക്കാട് ജില്ലയിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന സംയോജിത ഗ്രാമീണ സാങ്കേതിക കേന്ദ്രം ഗവേഷണം നടത്തുകയും അത്തരത്തിൽ ഒരു ഖരമാലിന്യ പരിപാലന സംവിധാനം വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഊർജ്ജ ഉല്പാദനം എപ്രകാരം സാദ്ധ്യമാക്കാം എന്നതിനെക്കുറിച്ച് അനർട്ട്, വിവിധ സർക്കാരിതര സംഘടനകൾ തുടങ്ങിയവ ഗവേഷണം നടത്തിയിട്ടുണ്ട്. ഇത് ബയോഗ്യാസ് നിർമ്മാണ വിനിയോഗ സാങ്കേതിക വിദ്യ ഫലപ്രദമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

റിവർ റിസർച്ച് സെന്ററിന്റെ പഠന റിപ്പോർട്ട്

*8 [491] ശ്രീ. ബിനോയ് വിശ്വം:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള വിദഗ്ദ്ധ സംഘത്തിന്റെ പഠന റിപ്പോർട്ട് വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly